**HADIA CSE Khutba Notes (14.11.2019)**

**രാഷ്ട്ര നിർമിതിയിൽ നമുക്കും പങ്കുചേരാം**

ഇന്ത്യയിലെ സമകാലിക സാഹചര്യങ്ങൾ നമുക്കെല്ലാവർക്കും അറിയാവുന്നതാണല്ലോ. മുദ്രാവാക്യങ്ങൾക്കും പിന്നാക്കത്തിന്റെ കണക്കു പറച്ചിലുകൾക്കും അപ്പുറം അടിയന്തിരമായി നാം ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. നടുറോട്ടിൽ കിടന്ന് കരയുന്നതിനു പകരം നല്ലൊരു ഇന്ത്യയുടെ നിർമാണത്തിൽ നമ്മുടെ സമുദായം കൂടി പങ്കുചേരേണ്ടതുണ്ട് .

ഇന്ത്യയുടെ ഭരണനിർവഹണ സംവിധാനങ്ങളിൽ സുപ്രധാന പങ്കു വഹിക്കുന്ന മൂന്ന് തലങ്ങളാണല്ലോ എക്സിക്യൂട്ടീവും (ഉദ്യോഗസ്ഥർ) ജുഡീഷ്യറിയും (നീതിപീഠം) ലജിസ്ലേറ്റീവും (ജനപ്രതിനിധികൾ). കേരളത്തിലെ മുസ്ലിംകളെ സംബന്ധിച്ചെടുത്തോളം ജനപ്രതിനിധി തലത്തിൽ ആവശ്യത്തിന് ശ്രദ്ധ നാം ചെലുത്തുന്നുണ്ടെന്ന് പറയാം. എന്നാൽ ഉദ്യോഗതലത്തിലും നീതിപീഠങ്ങളിലും മതബോധമുള്ള സമുദായ പ്രതിനിധികൾ ഇല്ലാത്തതിന്റെ വിഷമം നാം അനുഭവിച്ചുകൂടാ. ഇന്നത്തെ തലമുറ പണിയെടുത്താലേ അടുത്ത തലമുറക്ക് അഭിമാനത്തോടെ ജീവിക്കാൻ സാധിക്കുകയുള്ളൂ.

കേരള ഗവൺമെന്റ് പുതുതായി വിജ്ഞാപനം നടത്തിയ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷ എല്ലാവരുടെയും ശ്രദ്ധയിലുണ്ടാകുമല്ലോ .

അലിഗഡ് യൂണിവേഴ്സിറ്റിയിലെ ഇക്കണോമിക്സ് പ്രൊഫസറായിരുന്ന നസീം ഏ സഈദിയുടെ ഒരു പഠന റിപ്പോർട്ട് 2014 ജനുവരി 18 ലെ ഇക്കണോമിക് & പൊളിറ്റിക്കൽ വീക്കിലിയിൽ പ്രസിദ്ധീകരിച്ചു വന്നിട്ടുണ്ട് .

Muslims in the Civil Services എന്ന തലക്കെട്ടിലുള്ള ലേഖനം എന്തുകൊണ്ടാണ് ഇന്ത്യയിലെ മുസ്ലിം ന്യൂനപക്ഷ വിഭാഗം സിവിൽ സർവ്വീസ് പരീക്ഷകളിൽ ജനസംഖ്യാ അനുപാതത്തിന്റെ അടുത്തൊന്നും എത്താനാവാത്ത വിധം പിന്തള്ളപ്പെടുന്നു എന്നതിന്റെ ഒരു കൃത്യമായ പഠന റിപ്പോർട്ട് ആണിത്.

കേരളത്തിൽ നിന്ന് ഉൾപ്പെടെ വിവിധ സർവ്വകലാശാലകളിൽ നിന്ന് ശേഖരിച്ച ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കിയ റിപ്പോർട്ടിൽ ഊന്നി പറയാൻ ശ്രമിക്കുന്ന ഒരു കാര്യം ഇത്തരം പരീക്ഷകൾക്ക് അപേക്ഷിക്കുന്ന മുസ്ലിം ഉദ്യോഗാർത്ഥികൾ ആനുപാതികമായി വളരെ കുറവാണെന്നതിനാലാണ് റാങ്ക് ലിസ്റ്റിലും കുറയാൻ കാരണം എന്നതാണ്. PSC/ UPSC തുടങ്ങിയ സർക്കാർ റിക്രൂട്ടിങ്ങ് ഏജൻസികൾ നടത്തുന്ന പരീക്ഷകൾക്ക് സമുദായത്തിലെ അപേക്ഷകരുടെ എണ്ണം വർദ്ധിപ്പിക്കാൻ നാം ശ്രമിക്കേണ്ടിയിരിക്കുന്നു.

KAS എന്ന ചുരുക്കപേരിലറിയപ്പെടുന്ന കേരളാ അഡ്മിനിസ്ട്രേറ്റീവ് പരീക്ഷയ്ക്ക് ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. ഒരർത്ഥത്തിൽ കേരളത്തിന്റെ സിവിൽ സർവ്വീസ് ആണ് KAS. ഭരണനിർവ്വഹണ രംഗത്ത് തീരുമാനമെടുക്കുന്ന ഉയർന്ന ഉദ്യാഗസ്ഥരല്ലാം KAS ലൂടെയായിരിക്കും തെരെഞ്ഞെടുക്കപ്പെടുന്നത്. അതിനാൽ തന്നെ മികച്ച ശമ്പളമായിരിക്കും സർക്കാർ നൽകുന്നത്. PSC യുടെ ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷിക്കാനുള്ള അവസാന തിയ്യതി ഡിസംബർ 4 ആണ്.

സമുദായത്തിൽ നിന്ന് കൂടുതൽ അപേക്ഷകർ ഉണ്ടെങ്കിൽ മാത്രമേ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവരിലും ആനുപാതിക പ്രാതിനിധ്യം ഉണ്ടാവുകയുള്ളൂ.

ഈ സാഹചര്യത്തിൽ, എല്ലാവരും അവരുടെ വീടുകളിലും അയൽപക്കങ്ങളിലുമുള്ള ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ള എല്ലാവരേയും ഈ പരീക്ഷകൾക്ക് അപേക്ഷിപ്പിക്കാൻ അഭ്യർത്ഥിക്കുന്നു.

മഹല്ല് ഭാരവാഹികൾ ഇത് ഒരു ഉത്തരവാദിത്വമായി കണ്ട് ഇതിനായി ഒരു പ്രത്യേക സമിതി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. നമ്മുടെ നാട്ടിൽ ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ച് സ്വന്തം രീതിയിൽ അവരെക്കൊണ്ട് അപേക്ഷിപ്പിക്കുകയോ എസ്.കെ.എസ്.എസ്.എഫിന്റെ ആഭിമുഖ്യത്തിലുള്ള ട്രൻഡ് വഴിയോ ഹാദിയ സി.എസ്.ഇ വഴിയോ അതിനുള്ള മാർഗങ്ങൾ കാണുകയോ ചെയ്യാവുന്നതാണ്. ശേഷം അപേക്ഷാർത്ഥികൾക്ക് ആവശ്യമായ പരിശീല

**HADIA CSE Khutba Notes (14.11.2019)**

**രാഷ്ട്ര നിർമിതിയിൽ നമുക്കും പങ്കുചേരാം**

നം നൽകാനുള്ള സംവിധാനം ഒരുക്കുകയോ ഇത്തരം സംരംഭങ്ങളിലേക്ക് അവരെ ചേർത്തുകയോ ചെയ്യേണ്ടതാണ്.

ഏതു രീതിയിലാണെങ്കിലും എന്ത് വിലകൊടുത്തും നാം ഇതിന് ഇറങ്ങിത്തിരിച്ചാൽ മാത്രമേ അടുത്ത തലമുറക്ക് അഭിമാനത്തോടെ ജീവിക്കാൻ സാധിക്കുകയുള്ളൂ.

നാഥൻ തുണക്കട്ടേ. ആമീൻ

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: +91 73561 01621**